# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.620      04/02/2020-ൽ മറുപടിക്ക്

### പുതിയ ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.കെ.വി.വിജയദാസ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിയ്ക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ; | (എ) യും (ബി) യും (സി) യും | കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കീഴിൽ പുതിയതായി പന്ത്രണ്ട് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. കൂടാതെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കുന്നതിനു വേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>ആകെ 47.4MW മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ "ബൂട്ട്" (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും, പദ്ധതി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 20 പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ആറ്റ് ലെ-1 (6MW) –പാലക്കാട്<br>2. ആറ്റ് ലെ-2 (6MW) – പാലക്കാട്<br>3. ബാലൻതോട് (0.25MW) – ഇടുക്കി<br>4. ചെറുപുഴ (0.6 MW) –മലപ്പുറം<br>5. ഇടത്തനാൽകുത്ത് (0.5MW) – ഇടുക്കി<br>6. ഫർലോങ്കര (0.35MW) – കണ്ണൂർ<br>7. കക്കടാംപോയിൽ സ്റ്റേജ് 2 (11 MW) –കോഴിക്കോട് |
| (ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് ടി പദ്ധതികൾക്ക് അനുമതി നൽകുകയെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരവും ലഭ്യമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 8. കങ്ങപ്പുഴ (0.75MW) –ഇടുക്കി<br>9. കാഞ്ഞിരപ്പുഴ (1 MW)- പാലക്കാട്<br>10. കിള്ളിക്കല്ല് (3 MW) – കോഴിക്കോട്<br>11. കുളിരാമുട്ടി (3 MW) – കോഴിക്കോട്<br>12. മന്തൻപൊട്ടി (3 MW) – പാലക്കാട്<br>13. മുള്ളരിങ്ങാട് (0.15MW) – ഇടുക്കി/എറണാകുളം<br>14. ഓനിപ്പുഴ (1.5MW) – കോഴിക്കോട്<br>15. പഴക്കക്കാനം (2MW) – കോട്ടയം/ഇടുക്കി<br>16. പെരുവ (2MW) – കണ്ണൂർ<br>17. പൊട്ടൻതോട് (0.8MW) – കണ്ണൂർ<br>18. തിപ്പിലിക്കയം (1.5MW) പാലക്കാട്<br>19. ഉരുട്ടിപ്പുഴ (1 MW) – കണ്ണൂർ<br>20. വാലൻതോട് സ്റ്റേജ് II (3 MW) - മലപ്പുറം |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | വാർഷിക ഉൽപ്പാദനശേഷി (ദശലക്ഷം യൂണിറ്റ്) | സ്ഥലം | | | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| | | | | വില്ലേജ് | താലൂക്ക് | ജില്ല | |
| 1 | അപ്പർ ചെങ്കുളം | 24 | 53.22 | കുഞ്ഞിതണ്ണി വെള്ളത്തൂവൽ | ദേവികുളം | ഇടുക്കി | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 2 | ലാഡ്രം | 3.5 | 12.13 | ഏലപ്പാറ | പീരുമേട് | ഇടുക്കി | " |
| 3 | ഒലിക്കൽ | 5 | 10.26 | തിരുവമ്പാടി | താമരശ്ശേരി | കോഴിക്കോട് | ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | പൂവാരംതോട് | 3 | 5.88 | കോടരഞ്ഞി | താമരശ്ശേരി | കോഴിക്കോട് | " |
| 5 | മാർമ്മല | 7 | 23.02 | കീക്കോഴി | മീനച്ചിൽ | കോട്ടയം | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 6 | ചെമ്പുക്കടവ് - III | 7.5 | 17.75 | കോടഞ്ചേരി, നെല്ലിപോയിൽ | കോഴിക്കോട് | കോഴിക്കോട് | DPR റിവിഷൻ ജോലികൾ പുരോഗമിക്കുന്നു |
| 7 | മാങ്കുളം | 40 | 82 | മാങ്കുളം | ദേവികുളം | ഇടുക്കി | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| 8 | പീച്ചാട് | 3 | 7.74 | ആനവിരട്ടി | ദേവികുളം | ഇടുക്കി | " |
| 9 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ആനവിരട്ടി പള്ളിവാസൽ | ദേവികുളം | ഇടുക്കി | " |
| 10 | മരിപ്പുഴ | 6 | 14.84 | നെല്ലിപോയിൽ | കോഴിക്കോട് | കോഴിക്കോട് | ടെണ്ടർ ചെയ്തു |
| 11 | വാളാംതോട് | 7.5 | 15.291 | അലംപാടാ | നിലമ്പൂർ | മലപ്പുറം | DPR റിവിഷൻ ജോലികൾ പുരോഗമിക്കുന്നു. |
| 12 | ആനക്കയം | 7.5 | 22.83 | പരിയാരം | മുണ്ടകപുരം | തൃശ്ശൂർ | ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | 119.00 | 282.371 | | | | |

*സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ